(ബി) പല പഞ്ചായത്തുകളിലും നാമമാത്രമായ സംഘങ്ങൾ മാത്രം ഉള്ളതു കൊണ്ട് ക്ഷീര കർഷകർക്ക്, പാല് മാർക്കറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിലുള്ള സംഘങ്ങളുടെ അതിർത്തി ഡിലിമിറ്റ് ചെയ്ത് പുതിയ സംഘങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) ഒരു സംഘത്തിന് രണ്ടോ മൂന്നോ വാർഡുകൾ എന്ന ക്രമപ്രകാരം അതിർത്തികൾ പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഒന്നോ, രണ്ടോ മാത്രം ക്ഷീര സഹകരണ സംഘങ്ങൾ ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ വിവരം ലഭ്യമാക്കുമോ;

(എഫ്) ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ക്ഷീര കർഷകർ ആവശ്യപ്പെടുന്നപക്ഷം കൂടുതൽ ക്ഷീര സഹകരണ സംഘങ്ങൾ അനുവദിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അപ്രകാരമുള്ള റിപ്പോർട്ടുകൾ ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ അതിർത്തി ഡിലിമിറ്റ് ചെയ്യുന്നതു സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ ഡിവിഷൻബഞ്ചിന്റെ പരിഗണനയിലിരിക്കുന്നതിനാൽ ഇക്കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല.

(സി) സിംഗിൾ ബഞ്ചിന്റെ വിധി അപ്പീലിലാണ്.

(ഡി) കേസ് തീരുമാനമായ ശേഷം ആലോചിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(എഫ്) കേസ് തീരുമാനമായ ശേഷം ആലോചിക്കാവുന്നതാണ്.

വനിതാ ഡെയറി സഹകരണ സംഘങ്ങൾ

87 [2954] ശ്രീ. കെ. ബാബു:
„ പി. റ്റി. തോമസ്:
„ സി. പി. മുഹമ്മദ്:
„ ഡി. സുഗതൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെയറി സഹകരണ സംഘങ്ങളിൽ വനിതകൾക്ക് കൂടുതൽ കൈകാര്യ കർതൃത്വം നൽകുവാൻ ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ലക്ഷ്യം നേടുന്നതിനായി എന്തെല്ലാം നടപടികളെടുത്തു;

(സി) ഇപ്പോൾ എത്ര വനിതാ ഡെയറി സംഘങ്ങൾ ഉണ്ട്;

(ഡി) കൂടുതൽ വനിതാ ഡെയറി സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാനുദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സംഘങ്ങളിലെ പ്രൊമോട്ടർമാരിൽ 50 ശതമാനം വനിതകൾക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്നുള്ള നിർദ്ദേശം എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. താൽപ്പര്യമുള്ള അതിവ്യാപനമില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി വനിതാ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പാൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ

88 [2955] ശ്രീ. ഡി. സുഗതൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ വർക്കല കഹാർ:
„ സി. പി. മുഹമ്മദ്:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് ഏതെങ്കിലും പാൽ സഹകരണ സംഘങ്ങൾ പാലുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സംഘങ്ങൾ;

(സി) എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ വിറ്റഴിക്കുവാൻ മിൽമ എന്ത് സഹായമാണ് നൽകിവരുന്നത് എന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃത്യമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly